**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2640 | 09.07.2015-ൽ മറുപടിയ്ക്ക് |
|---|---|

**മലപ്പുറം ജില്ലയിലെ തീരദേശ പാത**

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) താനൂരിലൂടെ കടന്നു പോകുന്ന തീരദേശ പാതയുടെ പ്രവൃത്തിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) തീരദേശ പാതയുടെ ട്രാൻസ് ഫോർമർ റോഡ് മുതൽ ഒട്ടുംപുറം വരെയുള്ള 18.5 കി.മീ. ന്റെ നിർമ്മാണത്തിനായി 117.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) മലപ്പുറം ജില്ലയിൽ എത്ര കിലോമീറ്റർ ദൂരം ഇപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; | (ബി) ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള പ്രസ്തുത റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്;<br>(ഡി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) & (ഡി) പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള 5 കി.മീ. സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി റവന്യൂ വകുപ്പുമായുള്ള സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. LAR Act 2013 ന് അനുസൃതമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റൂൾസ് നിലവിലില്ലാത്തതിനാൽ നെഗോഷിയേറ്റഡ് പർച്ചേസിലൂടെ സ്ഥലം ഏറ്റെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനെതിരെ വമ്പിച്ച പ്രതിഷേധമാണ് തദ്ദേശവാസികളിൽ നിന്നും ഉയരുന്നത്. റവന്യൂ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സഹകരണത്തോടുകൂടി സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായാൽ ഉടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ
AB